**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2838** **13-02-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ വികസന ക്ഷേമനിധി ബോർഡിൽ 102 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 54 വായ്പകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ആനുകൂല്യങ്ങൾ നല്കുവാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത മണ്ഡലത്തിലെ 54 വായ്പകൾക്കായി 33,79,461/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>അവശേഷിക്കുന്ന 48 അപേക്ഷകളിൽ, 11 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും, 35 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് നിർദ്ദേശം നല്കിയിട്ടുള്ളവയും ബാക്കിയുള്ള 2 അപേക്ഷകളിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| (സി) | അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ